"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇടുക്കി ചെറുതോണി ഡാമുകൾ നിബന്ധനകൾക്ക് വിധേയമായി 31.12.2023 വരെ സന്ദർശിക്കുന്നതിന് പൊതുജനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഊർജ്ജ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.233/2023/POWER തീയതി,തിരുവനന്തപുരം, 19-12-2023

പരാമർശം:-

1. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ചെയർപേഴ്സൺ കൂടി ആയ ഇടുക്കി ജില്ലാ കളക്ടറുടെ 21.08.2023 തീയതിയിലെ എ1/153/2022 നമ്പർ കത്ത്.
2. സ.ഉ. (സാധാ) 158/2023/POWER തീയതി 05.09.2023
3. കേരള ഹൈഡൽ ടൂറിസം ഡയറക്ടറുടെ 11.10.2023 തീയതിയിലെ KHTC/HQ/IDK-CHERUTHONY/2023/281 നമ്പർ കത്ത്
4. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഡയറക്ടറുടെ (ജനറേഷൻ-സിവിൽ) 18.10.2023 തീയതിയിലെ DGC/AEE IV/Dam Safety/Idukki Dam/2022/98 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി, ചെറുതോണി ഡാമുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുന്നതിനായി നിശ്ചിത നിബന്ധനകളോടെ **31/10/2023** വരെ തുറന്ന് കൊടുത്ത് പരാമർശം **(2)** പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത അനുമതി **31.12.2023** വരെ ദീർഘിപ്പിച്ചു നല്കണമെന്ന് ഇടുക്കി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ചെയർപേഴ്സൺ കൂടി ആയ ഇടുക്കി ജില്ലാ കളക്ടർ പരാമർശം **(1)** പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. ഡാമുകളിലെ സുരക്ഷാ നടപടികൾ പാലിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നുണ്ടെന്നും ആയതിനാൽ സ്കൂൾ പഠന/വിനോദയാത്രാകളുടെ സമയം ക്രിസ്തുമസ് സീസൺ എന്നിവ കണക്കിലെടുത്തി ഇടുക്കി-ചെറുതോണി ഡാമുകൾ **31.12.2023** വരെ പൊതുജനങ്ങൾക്ക് സന്ദർശനനാനുമതി നൽകാവുന്നതാണെന്നും കേരള ഹൈഡൽ ടൂറിസം സെന്റർ ഡയറക്ടർ പരാമർശം **(3)** പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. വന നിയമ പ്രകാരം വനഭൂമിയിൽ ഇക്കോ ടൂറിസം പ്രവൃത്തികൾ അനുവദനീയമാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി, ചെറുതോണി ഡാമുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുന്നതിനായി, ബുധനാഴ്ചകളിലും വെള്ളം തുറന്നുവിടേണ്ട ദിവസങ്ങളിലും ഒഴികെ താഴെ പറയുന്ന നിബന്ധനകളോടെ ഉത്തരവ് തീയതി മുതൽ **31.12.2023** വരെയുള്ള കാലയളവിൽ പോലീസിന്റെ പൂർണ്ണ സുരക്ഷ ചുമതലയിൽ തുറന്നുകൊടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ഡാമിലും പരിസര പ്രദേശങ്ങളിലും മാലിന്യ സംസ്ക്കരണം നടത്തുന്നതിനു മതിയായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക .

2) ഡാമുകളുടെ പരിസരത്ത് മതിയായ താൽക്കാലിക ശുചിമുറി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക

**3)** ഈ കാലയളവിൽ സെക്യൂരിറ്റി ഗാർഡുകളെ അധികമായി നിയമിച്ച് സിസിടിവി ക്യാമറാ നിരീക്ഷണത്തിലൂടെയും, മെറ്റൽ ഡിറ്റക്ടറുകളുടെ സഹായത്തോടെയും, പ്രവേശനം ക്രമപ്പെടുത്തുക

**4)** ഡാമിന്റെ പരിസര പ്രദേശങ്ങളിൽ പ്ലാസ്റ്റിക് നിക്ഷേപിക്കുന്നത് ഒഴിവാക്കുക .

**5)** ജൈവമാലിന്യങ്ങൾ ദിവസേന നീക്കം ചെയ്യുക .

**6)** ഗ്രീൻ പ്രോട്ടോകോൾ ഉറപ്പുവരുത്തുക.

**7)** ഡാമിന്റേയും പരിസര പ്രദേശങ്ങളുടേയും പൂർണ്ണമായ സുരക്ഷാ ഉറപ്പ് വരുത്തേണ്ടത് പ്രസ്തുത സ്ഥലത്ത് നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരുടെ പൂർണ്ണമായ ഉത്തരവാദിത്തമായിരിക്കും. ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ച ഗൗരവതരമായി കാണുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാമനാഥ് ജി

അണ്ടർ സെക്രട്ടറി

1) ജില്ലാ കളക്ടർ & ചെയർപേഴ്സൺ, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ഇടുക്കി.
2) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ. എസ്. ഇ. ബി. ലിമിറ്റഡ്, തിരുവനന്തപുരം.
3) ഡയറക്ടർ (ജനറേഷൻ-സിവിൽ), കെ. എസ്. ഇ. ബി. ലിമിറ്റഡ്, തിരുവനന്തപുരം.
4) ജില്ലാ പോലീസ് മേധാവി, ഇടുക്കി.
5) ഡയറക്ടർ, ഹൈഡൽ ടൂറിസം സെന്റർ, കെ. എസ്. ഇ. ബി. ലിമിറ്റഡ്.
6) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
7) അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
8) വനം വന്യജീവി (ഡി) വകുപ്പ്
9) വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
10) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sreesh K P
Date: 19-12-2023 17:57:59

Signed by
Sreesh K P
സെക്ഷൻ ഓഫീസർ
Date: 19-12-2023 17:57:16